*Celebrating Extraordinary Missionary Month October 2019…*

**Wednesday, 30 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ഏട്ടാം ബുധൻ

Lk 17:10 (ശിഷ്യന്മാർക്കുള്ള ഉപദേശങ്ങൾ)

Fr. Winson Moyalan CMI

ഒരു ശിഷ്യൻ പാലിക്കേണ്ട നല്ല ഉപദേശങ്ങളാണ് ഇന്നത്തെ സുവിശേഷ പ്രമേയം.

ഓരോ മനുഷ്യനും ദൈവത്തിന്റെ ഭാവനയിൽ വിരിഞ്ഞ സുന്ദര സ്വപ്നമാണ്. നമുക്കുള്ളതൊക്കെ ദൈവത്തിന്റെ ദാനമാണ് എന്ന് ചുരുക്കം. അതിനാൽ എല്ലാ മനുഷ്യരും ദൈവത്തിന്റെ മുമ്പിൽ സമന്മാരാണ്.

പക്ഷെ, നിർഭാഗ്യവശാൽ ഇതൊക്കെ മറന്ന്, മനുഷ്യൻ മറ്റുള്ളവരുടെ മേൽ യജമാനത്വവും, ആധിപത്യവും സ്ഥാപിക്കാൻ നെട്ടോട്ടമോടുകയാണ്. എന്നാൽ തന്റെ ശിഷ്യന്മാർ അങ്ങനെയാകരുത് എന്ന് യേശു നമ്മോട് പറയുന്നു. സഹവർത്തിത്വത്തിലൂടേയും, പാരസ്പര്യത്തിലൂടേയും എങ്ങനെ ദൈവത്തെ പ്രസാദിപ്പിക്കാം എന്നതിന് സുപ്രധാനമായ നാല് ഉപദേശങ്ങളാണ് നാമിവിടെ കാണുക:

1. ദുഷ്പ്രേരണയ്ക്ക് കാരണമാവുന്നതിൽ ഭേദം കഴുത്തിൽ ഭാരമുള്ള ഒരു തിരി കല്ല് കെട്ടി കടലിൽ ചാടുന്നതാണ്. കാരണം ദുഷ്പ്രേരണ ഒരേ സമയം തങ്ങളുടേയും, മറ്റുള്ളവരുടേയും നാശത്തിന് കാരണമാകുന്ന പാപമാണ്.

2. നാല് പ്രാവശ്യം ക്ഷമിച്ചാൽ മതിയെന്നാണ് റബ്ബിമാരുടെ പക്ഷം. യേശു അതിനെ തിരുത്തി ഏഴ് പ്രാവശ്യമെന്നും, ഏഴ് എഴുപത് പ്രാവശ്യം എന്നുമൊക്കെ തിരുത്തി പറയുന്നുണ്ട്. മറ്റുള്ളവരുടെ തെറ്റുകൾ പരിധിയില്ലാതെ ക്ഷമിക്കണമെന്നും, അപ്പോൾ അവരുടെ തെറ്റുകൾ ദൈവം ക്ഷമിക്കുമെന്നും അവിടുന്ന് പഠിപ്പിക്കുന്നു.

3. യേശു ദൈവത്തിന്റെ അഭിഷിക്തനാണെന്ന് വിശ്വസിക്കുവാൻ കഴിയുന്നതാണ് യേശു ശിഷ്യന്റെ ഏറ്റവും വലിയ ഭാഗ്യം. ഏറ്റവും ചെറിയ ഒരു ധാന്യമണിയുടെ അത്രയെങ്കിലും വിശ്വാസമുണ്ടെങ്കിൽ, ഏറ്റവും ആഴത്തിൽ വേരോടുന്ന സിക്കമൂർ മരം പോലും ഒരു വിശ്വാസി ആവശ്യപ്പെട്ടാൽ കടലിൽ ചെന്നു പതിക്കുമത്രേ!

4. സ്വന്തം യോഗ്യതയിൽ ആരും അഹങ്കരിക്കരുത്. എല്ലാം ദൈവത്തിൽ നിന്നും സ്വീകരിച്ച ദാനങ്ങളെന്നതിനാൽ നാം ചെയ്യുന്ന ഏത് സേവനവും നമ്മുടെ കടമയും, ദൈവ ശുശ്രൂഷയും മാത്രമാണെന്ന് ചിന്തിക്കാൻ കഴിയുമ്പോഴാണ് ദൈവം നമ്മിൽ സംപ്രീതനാകുന്നത്.

സുവിശേഷപ്രഘോഷണത്തിന് ഏറ്റവും അത്യന്താപേക്ഷിതമായ ഈ ഉപദേശങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ നമുക്ക് പരിശ്രമിക്കാം.

*Published by*
CMI General Department of Evangelization and Pastoral Ministry